## 637

1 യേശുക്രിസ്തു ഉയിർത്തു ജീവിക്കുന്നു
പരലോകത്തിൽ ജീവിക്കുന്നു - ഇഹ
ലോകത്തിൽ താനിനി വേഗം വരും
രാജരാജനായ് വാണിടുവാൻ

ഹാ! ഹല്ലേലുയ്യാ ജയം ഹല്ലേലുയ്യാ
യേശുകർത്താവു ജീവിക്കുന്നു
യേശുക്രിസ്തു ഉയിർത്തു ജീവിക്കുന്നു
പരലോകത്തിൽ ജീവിക്കുന്നു

2 കൊല്ലുന്ന മരണത്തിൻ ഘോരതര
വിഷപ്പല്ലു തകർത്താകയാൽ-ഇനി
തെല്ലും ഭയമെന്യേ മൃത്യുവിനെ
നമ്മൾ വെല്ലുവിളിക്കുകയാം-

3 എന്നേശു ജീവിക്കുന്നായതിനാൽ
ഞാനുമെന്നേക്കും ജീവിക്കയാം-ഇനി
തന്നെപ്പിരിഞ്ഞൊരു ജീവിതമില്ലെനി
ക്കെല്ലാമെന്നേശുവത്രേ-

4 മന്നിലല്ലെൻ നിത്യവാസമെന്നേശുവിൻ
മുന്നിൽ മഹത്ത്വത്തിലാം-ഇനി
വിണ്ണൽ ആ വീട്ടിൽ ചെന്നെത്തുന്ന
നാളുകളെണ്ണി ഞാൻ പാർത്തിടുന്നു- M.E.C.